# ക്രിസ്തുവിനെ അനുഭമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (1)

ദൂത് രണ്ട്

## സ്വർഗീയമായി ഭരിക്കപ്പെടുന്ന പ്രവൃത്തികളുള്ളവനും, നമ്മുടെ ഇടയനും, നമ്മുടെ വിശ്രമവും, വിതയ്ക്കുന്നവനുമായ ക്രിസ്തു

MC *Hymns*: E559, E527

തിരുവെഴുത്ത് വായന: മത്തായി. 9:20-22, 36; 11:28-30; 13:3, 18-23

മത്താ. 9:20 ഇതാ, പന്ത്രണ്ടു വർഷക്കാലം രക്തസ്രവത്താൽ കഷ്ടം അനുഭവിക്കുന്ന ഒരു സ്ത്രീ പുറകിൽ നിന്നു വന്ന് അവന്റെ വസ്ത്രത്തിന്റെ വിളുമ്പ് തൊട്ടു,

മത്താ. 9:21 എന്തെന്നാൽ അവൾ, അവന്റെ വസ്ത്രം മാത്രം ഒന്നു തൊട്ടാൽ ഞാൻ സൗഖ്യമാകും എന്നു തന്നിൽത്തന്നെ പറഞ്ഞു.

മത്താ. 9:22 യേശു തിരിഞ്ഞ് അവളെ കണ്ടിട്ട്, മകളേ ധൈര്യമായിരിക്കുക; നിന്റെ വിശ്വാസം നിന്നെ സൗഖ്യമാക്കിയിരിക്കുന്നു എന്നു പറഞ്ഞു. ആ നാഴിക മുതൽ ആ സ്ത്രീ സൗഖ്യമായി.

മത്താ. 9:36 പുരുഷാരത്തെ കണ്ടിട്ട്, അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ വലയ്ക്കപ്പെട്ടവരും തള്ളപ്പെട്ടവരും ആയതിനാൽ, അവരെക്കുറിച്ച് അവനു മനസ്സലിവുണ്ടായി.

മത്താ. 11:28 അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും.

മത്താ. 11:29 ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും.

മത്താ. 11:30 എന്തെന്നാൽ എന്റെ നുകം എളുപ്പവും എന്റെ ഭാരം ലഘുവും ആകുന്നു.

മത്താ. 13:3 അവൻ അവരോട് അനേകം കാര്യങ്ങൾ ഉപമകളിൽ സംസാരിച്ചു പറഞ്ഞത്, ഇതാ, വിതയ്ക്കുന്നവൻ വിതയ്ക്കുവാനായി പുറപ്പെട്ടു.

മത്താ. 13:18 അതുകൊണ്ട് വിതച്ചവന്റെ ഉപമ നിങ്ങൾ കേൾക്കുവിൻ.

മത്താ. 13:19 ആരെങ്കിലും രാജ്യത്തിന്റെ വചനം കേൾക്കുകയും മനസ്സിലാക്കാതെയും ഇരിക്കുമ്പോൾ, ദുഷ്ടൻ വന്ന് അവന്റെ ഹൃദയത്തിൽ വിതച്ചത് തട്ടിയെടുത്തു കൊണ്ടു പോകുന്നു. ഇതാകുന്നു വഴിയരികെ വിതയ്ക്കപ്പെട്ടത്.

മത്താ. 13:20 പാറകളിന്മേൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേട്ടിട്ട് ഉടനെ സന്തോഷത്തോടുകൂടി അതിനെ കൈക്കൊള്ളുന്നവൻ ആകുന്നു.

മത്താ. 13:21 എങ്കിലും അവനു തന്നിൽത്തന്നെ വേരില്ല, ക്ഷണനേരം മാത്രം നിൽക്കുന്നു, വചനം നിമിത്തം ക്ലേശമോ ഉപദ്രവമോ ഉണ്ടാകുമ്പോൾ, ഉടനെ അവൻ ഇടറിപ്പോകുന്നു.

മത്താ. 13:22 മുള്ളുകളിൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേൾക്കുന്നവൻ ആകുന്നു, യുഗത്തിന്റെ വ്യാകുലതയും ധനത്തിന്റെ വഞ്ചനയും വചനത്തെ നിശ്ശേഷം ഞെരുക്കിക്കളഞ്ഞ്, അതു നിഷ്ഫലമായിത്തീരുന്നു.

മത്താ. 13:23 എന്നാൽ നല്ല നിലത്തു വിതയ്ക്കപ്പെട്ടതോ, ഇത് വചനത്തെ കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നവൻ ആകുന്നു, അവൻ എല്ലാ വിധത്തിലും ഫലം കായ്ച്ച്, ഒന്ന് നൂറു മടങ്ങായും, ഒന്ന് അറുപതു മടങ്ങായും, ഒന്ന് മുപ്പതു മടങ്ങായും ഫലം പുറപ്പെടുവിക്കുന്നു.

**I. സ്വർഗീയമായി-ഭരിക്കപ്പെടുന്ന പ്രവൃത്തികളുള്ളവനായി—അവന്റെ വസ്ത്രത്തിന്റെ വിളുമ്പ്— ക്രിസ്തു വെളിവാക്കപ്പെടുന്നു—മത്താ. 9:20-22:**

മത്താ. 9:20 ഇതാ, പന്ത്രണ്ടു വർഷക്കാലം രക്തസ്രവത്താൽ കഷ്ടം അനുഭവിക്കുന്ന ഒരു സ്ത്രീ പുറകിൽ നിന്നു വന്ന് അവന്റെ വസ്ത്രത്തിന്റെ വിളുമ്പ് തൊട്ടു,

മത്താ. 9:21 എന്തെന്നാൽ അവൾ, അവന്റെ വസ്ത്രം മാത്രം ഒന്നു തൊട്ടാൽ ഞാൻ സൗഖ്യമാകും എന്നു തന്നിൽത്തന്നെ പറഞ്ഞു.

മത്താ. 9:22 യേശു തിരിഞ്ഞ് അവളെ കണ്ടിട്ട്, മകളേ ധൈര്യമായിരിക്കുക; നിന്റെ വിശ്വാസം നിന്നെ സൗഖ്യമാക്കിയിരിക്കുന്നു എന്നു പറഞ്ഞു. ആ നാഴിക മുതൽ ആ സ്ത്രീ സൗഖ്യമായി.

A. ക്രിസ്തുവിന്റെ വസ്ത്രം അവന്റെ നീതിയുള്ള പ്രവൃത്തികളെ സൂചിപ്പിക്കുകയും, വിളുമ്പ് സ്വർഗീയ ഭരണത്തെ സൂചിപ്പിക്കുകയും ചെയ്യുന്നു: "നീ യിസ്രായേൽമക്കളോട് പറയേണ്ടതെന്തെന്നാൽ: അവർ തലമുറതലമുറയായി വസ്ത്രങ്ങളുടെ കോന്തലെക്ക് പൊടിപ്പ് ഉണ്ടാക്കുകയും കോൺതലെക്കലെ പൊടിപ്പിൽ നീലച്ചരട് കെട്ടുകയും വേണം... നിങ്ങൾ എന്റെ കല്പനകളും ഓർത്ത് അനുസരിച്ച് നിങ്ങളുടെ ദൈവത്തിന് വിശുദ്ധരായിരിക്കേണ്ടതിനു തന്നെ”—സംഖ്യ. 15:38-40:

1. ഒരു ചരട് കെട്ടുന്നതിനെ സൂചിപ്പിക്കുകയും, നീല സ്വർഗീയമായതിനെ സൂചിപ്പിക്കുകയും ചെയ്യുന്നു.
2. തന്മൂലം, നീലനിറത്തിലുള്ള ചരട് സൂചിപ്പിക്കുന്നത്, ദൈവമക്കളെന്ന നിലയിൽ, നമ്മുടെ സ്വഭാവവും പെരുമാറ്റവും മനോഹാരിതയുള്ളതായിരിക്കുകയും സ്വർഗീയ ഭരണകൂടത്തിന്റെയും പരിമിതിയുടെയും ചിട്ടപ്പെടുത്തലിന്റെയും, ഭരണത്തിനും നിയന്ത്രണത്തിനും ബന്ധനത്തിനും കീഴിലായിരിക്കുകയും വേണം എന്നാണ്.

B. മനുഷ്യന്റെ പെരുമാറ്റത്തിലെ നന്മയെ വസ്ത്രങ്ങൾ സൂചിപ്പിക്കുന്നു; കർത്താവിന്റെ വസ്ത്രങ്ങൾ അവന്റെ മനുഷ്യത്വത്തിലുള്ള തികഞ്ഞ പെരുമാറ്റത്തെ, അവന്റെ മാനുഷിക സദ്ഗുണപൂർണ്ണതയെ സൂചിപ്പിക്കുന്നു.

C. കർത്താവായ യേശുവിന്റെ മാനുഷിക നന്മയിൽ സൗഖ്യമാക്കുന്ന ശക്തി ഉണ്ടായിരുന്നു; അതുകൊണ്ട്, രോഗിയായ സ്ത്രീ അവന്റെ വസ്ത്രത്തിന്റെ വിളുമ്പ് തൊട്ടപ്പോൾ അവന്റെ നന്മയുടെ ശക്തി അവളിലേക്ക് പുറപ്പെട്ടുപോകുകയും അവൾ സൗഖ്യം പ്രാപികുകയും ചെയ്തു.

D. ക്രിസ്തുവിന്റെ സ്വർഗീയമായി ഭരിക്കപ്പെടുന്ന പ്രവൃത്തികളിൽനിന്ന് സൗഖ്യമാക്കുന്ന ശക്തിയായിത്തീരുന്ന നന്മ പുറപ്പെട്ടുവരുന്നു—മത്താ. 14:36.

മത്താ. 14:36 അവന്റെ വസ്ത്രത്തിന്റെ വിളുമ്പ് മാത്രം തൊടേണ്ടതിന് അവർ അവനോടു യാചിച്ചു. തൊട്ടവരൊക്കെയും പൂർണമായി സൗഖ്യം പ്രാപിച്ചു.

E. കർത്താവിന്റെ വസ്ത്രങ്ങൾ തൊടുന്നത് വാസ്തവത്തിൽ ദൈവം ദേഹരൂപമായിരിക്കുന്ന അവന്റെ മനുഷ്യത്വത്തിൽ അവനെ തൊടുന്നതായിരുന്നു (കൊലൊ. 2:9); അങ്ങനെയുള്ള സ്പർശനത്താൽ, അവന്റെ ദിവ്യ ശക്തി അവന്റെ മനുഷ്യത്വത്തിന്റെ തികവിലൂടെ നിവേശിപ്പിക്കപ്പെടുകയും, അത് അവളുടെ സൗഖ്യമായിത്തീരുകയും ചെയ്തു (ലൂക്കൊ. 8:45-48; എബ്രാ. 12:2).

കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി

വസിക്കുന്നത്,

ലൂക്കൊ. 8:45 ആരാകുന്നു എന്നെ തൊട്ടത്? എന്ന് യേശു ചോദിച്ചു. എല്ലാവരും നിഷേധിച്ചപ്പോൾ, പത്രൊസ്, യജമാനനേ, പുരുഷാരം നിന്നെ തിക്കുകയും ഞെരുക്കുകയും ചെയ്യുന്നു എന്നു പറഞ്ഞു.

ലൂക്കൊ. 8:46 എന്നാൽ യേശു, ആരോ എന്നെ തൊട്ടു, എന്നിൽനിന്നു ശക്തി പുറപ്പെട്ടതായി ഞാൻ അറിഞ്ഞു എന്നു പറഞ്ഞു.

ലൂക്കൊ. 8:47 ആ സ്ത്രീ താൻ, ശ്രദ്ധിക്കപ്പെടാതിരുന്നില്ല എന്നു കണ്ടപ്പോൾ, വിറച്ചുകൊണ്ടു വന്ന്, അവന്റെ മുമ്പാകെ വീഴുകയും, താൻ എന്തുകൊണ്ട് അവനെ തൊട്ടു എന്നും എപ്രകാരം താൻ ക്ഷണത്തിൽ സൗഖ്യമായി എന്നും എല്ലാ ജനത്തിനും മുമ്പാകെ പ്രഖ്യാപിച്ചു.

ലൂക്കൊ. 8:48 അവൻ അവളോട്, മകളേ, നിന്റെ വിശ്വാസം നിന്നെ സൗഖ്യമാക്കിയിരിക്കുന്നു. സമാധാനത്തിൽ പോകുക എന്നു പറഞ്ഞു.

എബ്രാ. 12:2 നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ,....

F. അടുക്കാനാകാത്ത വെളിച്ചത്തിൽ വസിക്കുന്ന ദൈവം അവളുടെ രക്ഷയ്ക്കും ആസ്വാദനത്തിനുംവേണ്ടി തന്റെ മനുഷ്യത്വത്തിലൂടെ അടിമ-രക്ഷകനിൽ സ്പർശിക്കാവുന്നവനായിത്തീർന്നു.

G. ഞെരുക്കുന്ന ജനക്കൂട്ടം അടിമ-രക്ഷകനിൽനിന്ന് ഒന്നും സ്വീകരിച്ചില്ല, എന്നാൽ അവനെ സ്പർശിച്ചവൾ സ്വീകരിച്ചു (*ഗീതം*, #559, ചരണം 2-ഉം കോറസും കാണുക).

*Hymns* #559, stanza 2 and chorus

Touching Thee in faith, I take Thee
In Thy riches full and free;
All I am I open to Thee,
All Thou art Thou giv'st to me.

Touching Thee, new life is glowing
By Thy Spirit's burning flame;
Cleansing, purging, Spirit filling,
Glory to Thy Holy Name!

**II. കർത്താവായ യേശു നമ്മുടെ ഇടയനും, നാം അവന്റെ ആടുകളും ആണ്—മത്താ. 9:36; യെശ. 40:11; 53:6; യെഹെ. 34:1-5, 11-15:**

മത്താ. 9:36 പുരുഷാരത്തെ കണ്ടിട്ട്, അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ വലയ്ക്കപ്പെട്ടവരും തള്ളപ്പെട്ടവരും ആയതിനാൽ, അവരെക്കുറിച്ച് അവനു മനസ്സലിവുണ്ടായി.

യെശ. 40:11 ഒരു ഇടയനെപ്പോലെ അവൻ തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കയും കുഞ്ഞാടുകളെ ഭുജത്തിൽ എടുത്തു മാർവ്വിടത്തിൽ ചേർത്തു വഹിക്കയും തള്ളകളെ പതുക്കെ നടത്തുകയും ചെയ്യും.

യെശ. 53:6 നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തനും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി.

യെഹെ. 34:1 യഹോവയുടെ അരുളപ്പാടു എനിക്കുണ്ടായതെന്തെന്നാൽ:

യെഹെ. 34:2 മനുഷ്യപുത്രാ, യിസ്രായേലിന്റെ ഇടയന്മാരെക്കുറിച്ചു പ്രവചിക്ക; നീ പ്രവചിച്ചു അവരോടു, ഇടയന്മാരോടു തന്നേ, പറയേണ്ടതു: യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: തങ്ങളെത്തന്നേ മേയിക്കുന്ന യിസ്രായേലിന്റെ ഇടയന്മാർക്കു അയ്യോ കഷ്ടം! ആടുകളെ അല്ലയോ ഇടയന്മാർ മേയിക്കേണ്ടതു?

യെഹെ. 34:3 നിങ്ങൾ മേദസ്സു തിന്നുകയും ആട്ടുരോമം ഉടുക്കയും തടിച്ചിരിക്കുന്നവയെ അറുക്കയും ചെയ്യുന്നു; ആടുകളെ നിങ്ങൾ മേയിക്കുന്നില്ലതാനും.

യെഹെ. 34:4 നിങ്ങൾ ബലഹീനമായതിനെ ശക്തീകരിക്കയോ ദീനം പിടിച്ചതിനെ ചികിത്സിക്കയോ ഒടിഞ്ഞതിനെ മുറിവുകെട്ടുകയോ ചിതറിപ്പോയതിനെ തിരിച്ചുവരുത്തുകയോ കാണാതെപോയതിനെ അന്വേഷിക്കയോ ചെയ്യാതെ കഠിനതയോടും ക്രൂരതയോടും കൂടെ അവയെ ഭരിച്ചിരിക്കുന്നു.

യെഹെ. 34:5 ഇടയൻ ഇല്ലായ്കകൊണ്ടു അവ ചിതറിപ്പോയി; ചിതറിപ്പോയിട്ടു അവ കാട്ടിലെ സകലമൃഗങ്ങൾക്കും ഇരയായിത്തീർന്നു.

യെഹെ. 34:11 യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ തന്നേ എന്റെ ആടുകളെ തിരഞ്ഞുനോക്കും.

യെഹെ. 34:12 ഒരു ഇടയൻ ചിതറിപ്പോയിരിക്കുന്ന തന്റെ ആടുകളുടെ ഇടയിൽ ഇരിക്കുന്ന നാളിൽ തന്റെ ആട്ടിൻകൂട്ടത്തെ അന്വേഷിക്കുന്നതുപോലെ ഞാൻ എന്റെ ആടുകളെ അന്വേഷിച്ചു, അവ കാറും കറുപ്പുമുള്ള ദിവസത്തിൽ ചിതറിപ്പോയ സകലസ്ഥലങ്ങളിലുംനിന്നു അവയെ വിടുവിക്കും.

യെഹെ. 34:13 ഞാൻ അവയെ ജാതികളുടെ ഇടയിൽനിന്നു പുറപ്പെടുവിച്ചു ദേശങ്ങളിൽനിന്നു ശേഖരിച്ചു സ്വദേശത്തു കൊണ്ടുവന്നു യിസ്രായേൽമലകളിലും നദീതീരങ്ങളിലും ദേശത്തിലെ സകലവാസസ്ഥലങ്ങളിലും മേയിക്കും.

യെഹെ. 34:14 നല്ല മേച്ചൽപുറത്തു ഞാൻ അവയെ മേയിക്കും; യിസ്രായേലിന്റെ ഉയർന്ന മലകൾ അവെക്കു കിടപ്പിടം ആയിരിക്കും; അവിടെ അവ നല്ല കിടപ്പിടത്തു കിടക്കുകയും യിസ്രായേൽമലകളിലെ പുഷ്ടിയുള്ള മേച്ചൽപുറത്തു മേയുകയും ചെയ്യും.

യെഹെ. 34:15 ഞാൻ തന്നേ എന്റെ ആടുകളെ മേയിക്കയും കിടത്തുകയും ചെയ്യും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു.

A. പച്ചയായ പുൽപ്പുറമെന്ന നിലയിൽ ക്രിസ്തുവിന്റെയും സ്വസ്ഥതയുള്ള വെള്ളമെന്ന നിലയിൽ ആത്മാവിന്റെയും ആസ്വാദനത്തിന്റെ പ്രാരംഭ ഘട്ടത്തിൽ അവൻ നമ്മെ മേയ്ക്കുന്നു—സങ്കീ. 23:1-2; 1 തിമൊ. 1:4; ഫിലി. 1:19; യോഹ. 21:15; 1 തെസ്സ. 2:7; 1 കൊരി. 12:13.

സങ്കീ. 23:1 ദാവീദിന്റെ ഒരു സങ്കീർത്തനം. യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല.

സങ്കീ. 23:2 പച്ചയായ പുല്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു; സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേക്കു എന്നെ നടത്തുന്നു.

1 തിമൊ. 1:4 വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ.

ഫിലി. 1:19b ...ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

യോഹ. 21:15 പിന്നെ അവർ പ്രാതൽ കഴിച്ചശേഷം, യേശു ശിമോൻ പത്രൊസിനോട്, യോഹന്നാന്റെ മകനായ ശിമോനേ, ഇവയിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ

അവനോട്, ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ പോഷിപ്പിക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

1 തെസ്സ. 2:7 എന്നാൽ പാലൂട്ടുന്ന അമ്മ തന്റെ സ്വന്തം മക്കളെ പരിലാളിക്കുന്നതുപോലെ, ഞങ്ങൾ നിങ്ങളുടെ മധ്യേ സൗമ്യതയുള്ളവരായിരുന്നു.

1 കൊരി. 12:13b യെഹൂദന്മാരോ യവനന്മാരോ ആകട്ടെ, അടിമകളോ സ്വതന്ത്രരോ ആകട്ടെ,.. എല്ലാവർക്കും ഒരു ആത്മാവിനെ പാനം ചെയ്യുവാൻ നൽകുകയും ചെയ്തു.

B. നീതിപാതകളിൽ അവൻ നമ്മെ ഉണർവിന്റെയും രൂപാന്തരത്തിന്റെയും രണ്ടാമത്തെ ഘട്ടത്തിൽ മേയ്ക്കുന്നു—സങ്കീ. 23:3; റോമ. 12:2; യോഹ. 7:38; റോമ. 8:4.

സങ്കീ. 23:3 എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു; തിരുനാമംനിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു.

റോമ. 12:2 ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

യോഹ. 7:38 തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും.

റോമ. 8:4 ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത, നിവൃത്തിയാകേണ്ടതിന് തന്നെ.

C. മരണനിഴലിന്റെ താഴ്വരയിലൂടെ നടക്കുമ്പോൾ അവൻ നമ്മെ ഉയിർത്തെഴുന്നേറ്റ ശ്വാസക്രിസ്തുവിന്റെ സാന്നിധ്യത്തിന്റെ അനുഭവത്തിന്റെ മൂന്നാമത്തെ ഘട്ടത്തിൽ മേയ്ക്കുന്നു—സങ്കീ. 23:4; 2 തിമൊ. 4:22; 2 കൊരി. 12:7-10.

സങ്കീ. 23:4 കൂരിരുൾതാഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു.

2 തിമൊ. 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ.

2 കൊരി. 12:7 വെളിപാടുകളുടെ അതിവിശിഷ്ടത നിമിത്തം, ഞാൻ അത്യന്തം ഉയർത്തപ്പെടാതിരിക്കേണ്ടതിന്, എനിക്ക് ജഡത്തിൽ ഒരു മുള്ള്, സാത്താന്റെ ഒരു ദൂതനെ, എന്നെ ഇടിക്കേണ്ടതിന് തന്നിരിക്കുന്നു, ഞാൻ അത്യന്തം ഉയർത്തപ്പെടാതിരിക്കേണ്ടതിന് തന്നെ.

2 കൊരി. 12:8 അത് എന്നെ വിട്ടുപോകേണ്ടതിന്, ഇതിനെക്കുറിച്ച് ഞാൻ മൂന്നു പ്രാവശ്യം കർത്താവിനോട് അപേക്ഷിച്ചു.

2 കൊരി. 12:9 അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

2 കൊരി. 12:10 അതിനാൽ ഞാൻ ക്രിസ്തുവിനുവേണ്ടി ബലഹീനതകളിലും

അപമാനങ്ങളിലും ആവശ്യകതകളിലും ഉപദ്രവങ്ങളിലും ഞെരുക്കങ്ങളിലും പ്രസാദിക്കുന്നു; ഞാൻ ബലഹീനൻ ആയിരിക്കുമ്പോൾതന്നെ ശക്തനാകുന്നുവല്ലോ.

D. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ആഴമേറിയതും ഉന്നതവുമായ ആസ്വാദനത്തിന്റെ നാലാം ഘട്ടത്തിൽ അവൻ നമ്മെ മേയ്ക്കുന്നു—സങ്കീ. 23:5:

സങ്കീ. 23:5 എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു; എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകംചെയ്യുന്നു; എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു.

1. നമ്മുടെ എതിരാളികളുടെ സാന്നിധ്യത്തിൽ കർത്താവ് നമുക്കു മുമ്പിൽ ഒരു മേശ വിരിക്കുന്നു—വാ. 5; പ്ര.നി. 2 ശമൂ. 4:4; 9:7, 13; ഉല്പ. 14:18-20; നെഹെ. 4:17.

സങ്കീ. 23:5 എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു; എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകംചെയ്യുന്നു; എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു.

2 ശമൂ. 4:4 ശൌലിന്റെ മകനായ യോനാഥാന്നു രണ്ടു കാലും മുടന്തായിട്ടു ഒരു മകൻ ഉണ്ടായിരുന്നു; യിസ്രെയേലിൽനിന്നു ശൌലിന്റെയും യോനാഥാന്റെയും വർത്തമാനം എത്തിയ സമയം അവന്നു അഞ്ചു വയസ്സായിരുന്നു. അപ്പോൾ അവന്റെ ധാത്രി അവനെ എടുത്തുകൊണ്ടു ഓടി; അവൾ ബദ്ധപ്പെട്ടു ഓടുമ്പോൾ അവൻ വീണു മുടന്തനായിപ്പോയി. അവന്നു മെഫീബോശെത്ത് എന്നു പേർ.

2 ശമൂ. 9:7 ദാവീദ് അവനോടു: ഭയപ്പെടേണ്ടാ; നിന്റെ അപ്പനായ യോനാഥാന്റെ നിമിത്തം ഞാൻ നിന്നോടു ദയകാണിച്ചു നിന്റെ അപ്പനായ ശൌലിന്റെ നിലം ഒക്കെയും നിനക്കു മടക്കിത്തരുന്നു; നീയോ നിത്യം എന്റെ മേശയിങ്കൽ ഭക്ഷണം കഴിച്ചുകൊള്ളേണം എന്നു പറഞ്ഞു.

2 ശമൂ. 9:13 ഇങ്ങനെ മെഫീബോശെത്ത് യെരൂശലേമിൽ തന്നേ വസിച്ചു രാജാവിന്റെ മേശയിങ്കൽ ഭക്ഷണം കഴിച്ചുപോന്നു; അവന്നു കാലു രണ്ടും മുടന്തായിരുന്നു.

ഉല്പ. 14:18 ശാലേംരാജാവായ മൽക്കീസേദെക്ക് അപ്പവും വീഞ്ഞുംകൊണ്ടുവന്നു; അവൻ അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്നു.

ഉല്പ. 14:19 അവൻ അവനെ അനുഗ്രഹിച്ചു: സ്വർഗ്ഗത്തിന്നും ഭൂമിക്കും നാഥനായി അത്യുന്നതനായ ദൈവത്താൽ അബ്രാം അനുഗ്രഹിക്കപ്പെടുമാറാകട്ടെ;

ഉല്പ. 14:20 നിന്റെ ശത്രുക്കളെ നിന്റെ കൈയിൽ ഏല്പിച്ച അത്യുന്നതനായ ദൈവം സ്തുതിക്കപ്പെടുമാറാകട്ടെ എന്നു പറഞ്ഞു. അവന്നു അബ്രാം സകലത്തിലും ദശാംശം കൊടുത്തു.

നെഹെ. 4:17 ചുമടെടുക്കുന്ന ചുമട്ടുകാർ ഒരു കൈകൊണ്ടു വേല ചെയ്കയും മറ്റെ കൈകൊണ്ടു ആയുധം പിടിക്കയും ചെയ്തു.

2. കർത്താവ് നമ്മുടെ തലയെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുകയും, നമ്മുടെ പാനപാത്രം കവിഞ്ഞൊഴുകുകയും ചെയ്യുന്നു—സങ്കീ. 23:5; എബ്രാ. 1:9; 1 കൊരി. 10:16, 21.

സങ്കീ. 23:5 എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു; എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകംചെയ്യുന്നു; എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു.

എബ്രാ. 1:9 നീ നീതിയെ സ്നേഹിച്ചും അധർമത്തെ വെറുത്തുമിരിക്കുന്നു; അതുകൊണ്ട്, ദൈവം, നിന്റെ ദൈവം, നിന്റെ കൂട്ടാളികൾക്കു മീതെ നിന്നെ ഹർഷോന്മാദത്തിൻ എണ്ണകൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു" എന്നും,

1 കൊരി. 10:16 നാം അനുഗ്രഹിക്കുന്ന അനുഗ്രഹത്തിന്റെ പാനപാത്രം, ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ?...

1 കൊരി. 10:21 നിങ്ങൾക്ക് കർത്താവിന്റെ പാനപാത്രവും ഭൂതങ്ങളുടെ പാനപാത്രവും പാനം ചെയ്യുവാൻ കഴിയുകയില്ല; നിങ്ങൾക്ക് കർത്താവിന്റെ മേശയിൽ നിന്നും ഭൂതങ്ങളുടെ മേശയിൽനിന്നും പങ്കുകൊള്ളുവാൻ കഴിയുകയില്ല.

3. സങ്കീർത്തനം 23:5-ൽ നമുക്ക് ത്രിയേക ദൈവമുണ്ട്—വിരുന്നായി പുത്രനും, അഭിഷേകതൈലമായി ആത്മാവും, അനുഗ്രഹത്തിന്റെ ഉറവിടമായി പിതാവും.

സങ്കീ. 23:5 എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു; എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകംചെയ്യുന്നു; എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു.

E. യഹോവയുടെ ഭവനത്തിൽ ദിവ്യ നന്മയുടെയും കരുണയുടെയും ആയുഷ്കാല ആസ്വാദനത്തിന്റെ അഞ്ചാം ഘട്ടത്തിൽ അവൻ നമ്മെ മേയിക്കുന്നു—വാ. 6:

സങ്കീ. 23:6 നന്മയും കരുണയും എന്റെ ആയുഷ്കാലമൊക്കെയും എന്നെ പിന്തുടരും; ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും.

1. ശ്വാസക്രിസ്തുവിന്റെ ജൈവിക മേയ്പിൻ കീഴിൽ, നന്മയും കരുണയും നമ്മുടെ ജീവിതത്തിന്റെ എല്ലാ ദിവസവും നമ്മെ പിന്തുടരുന്നു, നമ്മുടെ ആയുഷ്കാലമൊക്കെയും നാം യഹോവയുടെ ആലയത്തിൽ വസിക്കും—വാ. 6:

a. *നന്മ* ക്രിസ്തുവിന്റെ കൃപയെ സൂചിപ്പിക്കുകയും, *കരുണ* പിതാവിന്റെ സ്നേഹത്തെ പരാമർശിക്കുകയും, *പിന്തുടരുന്നത്* ആത്മാവിന്റെ കൂട്ടായ്മയെ വിവക്ഷിക്കുകയും ചെയ്യുന്നു; അങ്ങനെ, പുത്രന്റെ കൃപയും, പിതാവിന്റെ സ്നേഹവും, ആത്മാവിന്റെ കൂട്ടായ്മയും നമ്മോടുകൂടെയുണ്ട്—2 കൊരി. 13:14.

2 കൊരി. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

b. പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേകദൈവത്തിന്റെ ആസ്വാദനം ദൈവഭവനത്തിൽ (ക്രിസ്തുവും, സഭയും, നമ്മുടെ ആത്മാവും, പുതിയ യെരൂശലേമും—യോഹ. 1:14; 2:21; 1 തിമൊ. 3:15-16; എഫെ. 2:22; വെളി. 21:2-3, 22) ദൈവത്തിന്റെ ആസ്വാദനത്തിലേക്ക്

നമ്മെ ആനയിക്കുന്നു; അവിടെ നമ്മുടെ ആയുഷ്കാലമൊക്കെയും (ഇന്നത്തെ യുഗത്തിലും, വരാനുള്ള യുഗത്തിലും, നിത്യതയിലും) നാം വസിക്കും.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

യോഹ. 2:21 അവനോ തന്റെ ശരീരമെന്ന ആലയത്തെക്കുറിച്ചത്രേ സംസാരിച്ചത്.

1 തിമൊ. 3:15 എന്നാൽ ഞാൻ താമസിച്ചുപോയാൽ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവ ഭവനത്തിൽ ഒരുവൻ തന്നെത്താൻ നടത്തേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിനു ഞാൻ എഴുതുന്നു.

1 തിമൊ. 3:16 സമ്മതമാംവണ്ണം, ദൈവികതയുടെ മർമം വലിയതാകുന്നു: അവൻ ജഡത്തിൽ വെളിപ്പെട്ടു, ആത്മാവിൽ നീതീകരിക്കപ്പെട്ടു, ദൂതന്മാരാൽ കാണപ്പെട്ടു, ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു, ലോകത്തിൽ വിശ്വസിക്കപ്പെട്ടു, തേജസ്സിൽ എടുക്കപ്പെട്ടു.

എഫെ. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

വെളി. 21:2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.

വെളി. 21:3 സിംഹാസനത്തിൽനിന്ന് ഞാൻ ഉച്ചത്തിൽ പറഞ്ഞുകേട്ടത്, ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം, അവൻ അവരോടുകൂടെ കൂടാരമടിക്കും, അവർ അവന്റെ ജനങ്ങളായിരിക്കും, ദൈവം താൻ അവരോടുകൂടെ ആയിരുന്ന് അവരുടെ ദൈവമായിരിക്കും.

വെളി. 21:22 അതിൽ ഞാൻ ആലയം കണ്ടില്ല, സർവശക്തനായ ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ ആലയം ആകുന്നു.

2. നമ്മുടെ ജീവിതകാലം മുഴുവൻ ദൈവഭവനത്തിൽ വസിക്കുവാൻ നാം അന്വേഷിക്കണം—സങ്കീ. 27:4-8:

സങ്കീ. 27:4 ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതു തന്നേ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നു തന്നേ.

സങ്കീ. 27:5 അനർത്ഥദിവസത്തിൽ അവൻ തന്റെ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും; തിരുനിവാസത്തിന്റെ മറവിൽ എന്നെ മറെക്കും;

പാറമേൽ എന്നെ ഉയർത്തും.

സങ്കീ. 27:6 ഇപ്പോൾ എന്റെ ചുറ്റുമുള്ള ശത്രുക്കളുടെമേൽ എന്റെ തല ഉയരും; ഞാൻ അവന്റെ കൂടാരത്തിൽ ജയഘോഷയാഗങ്ങളെ അർപ്പിക്കും; ഞാൻ യഹോവെക്കു പാടി കീർത്തനം ചെയ്യും.

സങ്കീ. 27:7 യഹോവേ, ഞാൻ ഉറക്കെ, വിളിക്കുമ്പോൾ കേൾക്കേണമേ; എന്നോടു കൃപചെയ്തു എനിക്കുത്തരമരുളേണമേ.

സങ്കീ. 27:8 "എന്റെ മുഖം അന്വേഷിപ്പിൻ" എന്നു നിങ്കൽനിന്നു കല്പന വന്നു എന്നു എന്റെ ഹൃദയം പറയുന്നു; യഹോവേ, ഞാൻ നിന്റെ മുഖം അന്വേഷിക്കുന്നു.

a. ദൈവത്തിന്റെ മനോഹരത്വം (സൗന്ദര്യം, പ്രസാദം, പ്രസന്നത) കാണുവാൻ—വാ. 4, 8; 2 കൊരി. 3:18.

സങ്കീ. 27:4 ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതു തന്നേ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നു തന്നേ.

സങ്കീ. 27:8 "എന്റെ മുഖം അന്വേഷിപ്പിൻ" എന്നു നിങ്കൽനിന്നു കല്പന വന്നു എന്നു എന്റെ ഹൃദയം പറയുന്നു; യഹോവേ, ഞാൻ നിന്റെ മുഖം അന്വേഷിക്കുന്നു.

2 കൊരി. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

b. നമ്മുടെ ദൈനംദിന ജീവിതത്തിലെ സകലത്തെയുംകുറിച്ച് ദൈവവുമായി പരിശോധിച്ചുകൊണ്ട് അവനെ അന്വേഷിക്കുന്നതിന്—സങ്കീ. 27:4; പ്ര.നി. യോശു. 9:14.

സങ്കീ. 27:4b ... യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നു തന്നേ.

യോശു. 9:14 അപ്പോൾ യിസ്രായേൽപുരുഷന്മാർ യഹോവയോടു ചോദിക്കാതെ അവരുടെ ഭക്ഷണസാധനം വാങ്ങി ആസ്വദിച്ചു.

c. ദൈവത്തിന്റെ കൂടാരത്തിൽ മറഞ്ഞിരിക്കുവാനും ദൈവത്തിന്റെ കൂടാരത്തിന്റെ മറവിൽ നമ്മെത്തന്നെ മറയ്ക്കുവാനും—സങ്കീ. 27:5; 31:20.

സങ്കീ. 27:5 അനർത്ഥദിവസത്തിൽ അവൻ തന്റെ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും; തിരുനിവാസത്തിന്റെ മറവിൽ എന്നെ മറെക്കും; പാറമേൽ എന്നെ ഉയർത്തും.

സങ്കീ. 31:20 നീ അവരെ മനുഷ്യരുടെ കൂട്ടുകെട്ടിൽനിന്നു വിടുവിച്ചു നിന്റെ സാന്നിധ്യത്തിന്റെ മറവിൽ മറെക്കും. നീ അവരെ

നാവുകളുടെ വക്കാണത്തിൽനിന്നു രക്ഷിച്ചു ഒരു കൂടാരത്തിന്നകത്തു ഒളിപ്പിക്കും.

d. ദൈവത്താൽ ഉയർത്തപ്പെടുവാനും നമ്മുടെ തല ഉയർന്നിരിക്കുവാനും—27:5-6.

സങ്കീ. 27:5 അനർത്ഥദിവസത്തിൽ അവൻ തന്റെ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും; തിരുനിവാസത്തിന്റെ മറവിൽ എന്നെ മറെക്കും; പാറമേൽ എന്നെ ഉയർത്തും.

സങ്കീ. 27:6 ഇപ്പോൾ എന്റെ ചുറ്റുമുള്ള ശത്രുക്കളുടെമേൽ എന്റെ തല ഉയരും; ഞാൻ അവന്റെ കൂടാരത്തിൽ ജയഘോഷയാഗങ്ങളെ അർപ്പിക്കും; ഞാൻ യഹോവെക്കു പാടി കീർത്തനം ചെയ്യും.

e. ദൈവത്തിന്റെ മഹത്വത്തിനായി ദൈവത്തിന് ജയഘോഷയാഗങ്ങൾ അർപ്പിക്കുവാനും കീർത്തിക്കുവാനും—വാ. 6; എബ്രാ. 13:15; ഫിലി. 2:11.

സങ്കീ. 27:6 ഇപ്പോൾ എന്റെ ചുറ്റുമുള്ള ശത്രുക്കളുടെമേൽ എന്റെ തല ഉയരും; ഞാൻ അവന്റെ കൂടാരത്തിൽ ജയഘോഷയാഗങ്ങളെ അർപ്പിക്കും; ഞാൻ യഹോവെക്കു പാടി കീർത്തനം ചെയ്യും.

എബ്രാ. 13:15 അങ്ങനെ അവനിലൂടെ അവന്റെ നാമത്തെ ഏറ്റുപറയുന്ന, അധരഫലം എന്ന സ്തോത്രയാഗം നമുക്ക് ഇടവിടാതെ ദൈവത്തിന് അർപ്പിക്കാം.

ഫിലി. 2:11 എല്ലാ നാവും യേശു ക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി പരസ്യമായി ഏറ്റുപറയേണ്ടതിനും ആകുന്നു.

## III. കർത്താവായ യേശു നമ്മുടെ വിശ്രമമാണ്—മത്താ. 11:28-30:

മത്താ. 11:28 അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും.

മത്താ. 11:29 ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും.

മത്താ. 11:30 എന്തെന്നാൽ എന്റെ നുകം എളുപ്പവും എന്റെ ഭാരം ലഘുവും ആകുന്നു.

A. "അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്ക് വിശ്രമം നൽകും"—വാ. 28:

1. ന്യായപ്രമാണത്തിന്റെയും മതപരമായ ചട്ടങ്ങളുടെയും കല്പനകൾ പാലിക്കുവാനായി പരിശ്രമിക്കുന്നതിന്റെ അധ്വാനത്തെ മാത്രമല്ല, ഏതെങ്കിലും ഒരു വേലയിൽ വിജയിക്കുവാൻ തീവ്രയത്നം നടത്തുന്നതിന്റെ അധ്വാനത്തെയും ഇവിടെ പറഞ്ഞിരിക്കുന്ന അധ്വാനം പരാമർശിക്കുന്നു; അങ്ങനെ അധ്വാനിക്കുന്നവൻ എപ്പോഴും വളരെയധികം ഭാരം ചുമക്കുന്നവനാണ്.
2. വിശ്രമം എന്നത് ന്യായപ്രമാണത്തിന്റെയോ മതത്തിന്റെയോ കീഴിലുള്ളതോ, ഏതെങ്കിലും വേലയുടെയോ ചുമതലയുടെയോ കീഴിലുള്ളതോ ആയ അധ്വാനത്തിൽനിന്നും ഭാരത്തിൽനിന്നും സ്വതന്ത്രരാക്കപ്പെടുന്നതിനെ

മാത്രമല്ല, തികഞ്ഞ സമാധാനത്തെയും പൂർണ സംതൃപ്തിയെയും സൂചിപ്പിക്കുന്നു.

B. "ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്ക് നിങ്ങൾ വിശ്രമം കണ്ടെത്തും. എന്തെന്നാൽ എന്റെ നുകം എളുപ്പവും എന്റെ ഭാരം ലഘുവും ആകുന്നു"—വാ. 29-30:

1. കർത്താവിന്റെ നുകം എടുക്കുന്നത് പിതാവിന്റെ ഹിതം എടുക്കുന്നതാണ്; അത് ഏതെങ്കിലും വേലയാൽ ചിട്ടപ്പെടുന്നതോ നിയന്ത്രിക്കപ്പെടുന്നതോ അല്ല, മറിച്ച് പിതാവിന്റെ ഹിതത്താൽ നിർബന്ധിക്കപ്പെടുന്നതാണ്.
2. തന്റെ പിതാവിന്റെ ഹിതമല്ലാതെ മറ്റൊന്നിനുംവേണ്ടി കരുതാതെ കർത്താവ് അങ്ങനെയുള്ള ഒരു ജീവിതം നയിച്ചു, (യോഹ. 4:34; 5:30; 6:38); പിതാവിന്റെ ഹിതത്തിന് അവൻ അവനെത്തന്നെ പൂർണ്ണമായി സമർപ്പിച്ചു (മത്താ. 26:39, 42); തന്മൂലം, അവനിൽനിന്ന് പഠിക്കുവാൻ അവൻ നമ്മോട് ആവശ്യപ്പെടുന്നു.

   യോഹ. 4:34 യേശു അവരോട്, എന്റെ ആഹാരം എന്നെ അയച്ചവന്റെ ഹിതം ചെയ്ത് അവന്റെ വേല പൂർത്തിയാക്കുന്നതാകുന്നു.

   യോഹ. 5:30 എന്നിൽനിന്ന് എനിക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല; ഞാൻ കേൾക്കുന്നതുപോലെ ന്യായം വിധിക്കുന്നു, എന്റെ ന്യായവിധി ന്യായമുള്ളതാകുന്നു, എന്തുകൊണ്ടെന്നാൽ ഞാൻ എന്റെ സ്വന്തം ഹിതമല്ല, എന്നെ അയച്ചവന്റെ ഹിതമത്രേ അന്വേഷിക്കുന്നത്.

   യോഹ. 6:38 എന്തെന്നാൽ ഞാൻ എന്റെ ഹിതമല്ല, എന്നെ അയച്ചവന്റെ ഹിതമത്രേ ചെയ്യുവാൻ സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നിരിക്കുന്നത്.

   മത്താ. 26:39 പിന്നെ അൽപം മുമ്പോട്ടുപോയി അവൻ കവിണ്ണുവീണ്, എന്റെ പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുന്നതുപോലെയല്ല, എന്നാൽ നീ ഇച്ഛിക്കുന്നതുപോലെ എന്നു പറഞ്ഞുകൊണ്ട് പ്രാർഥിച്ചു.

   മത്താ. 26:42 വീണ്ടും രണ്ടാമതു പോയി അവൻ, എന്റെ പിതാവേ, ഞാൻ ഇതു കുടിച്ചിട്ടല്ലാതെ ഇതു നീങ്ങിപ്പോകുവാൻ കഴിയില്ലെങ്കിൽ, നിന്റെ ഹിതം ആകട്ടെ എന്നു പറഞ്ഞുകൊണ്ട് പ്രാർഥിച്ചു.

3. അവനിൽനിന്ന് പഠിക്കുകയെന്നാൽ അവനെ ബാഹ്യമായി അനുകരിക്കുക എന്നല്ല, മറിച്ച് അവന്റെ നുകം—ദൈവത്തിന്റെ ഹിതം—എടുത്തുകൊണ്ട് നമ്മുടെ ആത്മാവിൽ കർത്താവിനെ പകർത്തുക എന്നാണ്. ദൈവത്തിന്റെ ഹിതം നമ്മെ നുകപ്പെടുത്തണം, അവന്റെ പകർപ്പായിത്തീരുവാൻ ഈ നുകത്തിലേക്ക് നമ്മുടെ കഴുത്ത് നാം വയ്ക്കണം—1 പത്രൊ. 2:21.

   1 പത്രൊ. 2:21 ഇതിനാകുന്നു നിങ്ങൾ വിളിക്കപ്പെട്ടത്, എന്തുകൊണ്ടെന്നാൽ ക്രിസ്തുവും നിങ്ങൾക്കു പകരം കഷ്ടമേറ്റു, നിങ്ങൾ അവന്റെ കാൽച്ചുവടുകൾ പിന്തുടരേണ്ടതിന് നിങ്ങൾക്ക് ഒരു മാതൃക വച്ചിരിക്കുന്നു;

4. കർത്താവിന്റെ നുകം എടുക്കുകയും അവനിൽനിന്ന് പഠിക്കുകയും ചെയ്യുന്നതിലൂടെ നാം കണ്ടെത്തുന്ന വിശ്രമം നമ്മുടെ ദേഹികൾക്കു

വേണ്ടിയാണ്; ഇത് ആന്തരികമായ ഒരു വിശ്രമമാണ്, പ്രകൃതത്തിൽ കേവലം ബാഹ്യമായ എന്തെങ്കിലുമല്ല.

5. കർത്താവിന്റെ നുകം പിതാവിന്റെ ഹിതവും, അവന്റെ ഭാരം പിതാവിന്റെ ഹിതം നടപ്പാക്കുന്നതായ വേലയും ആണ്; അങ്ങനെയുള്ള ഒരു നുകം എളുപ്പമാണ് (കഠിനം, പരുഷം, മൂർച്ചയുള്ളത്, കയ്പേറിയത് എന്നിവയ്ക്കു വിരുദ്ധമായി നല്ലതും, ദയയുള്ളതും, ശാന്തവും, സുഖപ്രദവും); അങ്ങനെയുള്ള ഭാരം ലഘുവാണ്, ഘനമേയറിയതല്ല.

**IV. വിതയ്ക്കുന്നവൻ കർത്താവായ യേശു എന്ന അത്ഭുതവാനായ വ്യക്തിയാണ്, വിതയ്ക്കപ്പെട്ട വിത്ത് ത്രിയേക ദൈവത്തിന്റെ ദേഹരൂപമായ കർത്താവു തന്നെയാണ്—മത്താ. 13:3, 18-23:**

മത്താ. 13:3 അവൻ അവരോട് അനേകം കാര്യങ്ങൾ ഉപമകളിൽ സംസാരിച്ചു പറഞ്ഞത്, ഇതാ, വിതയ്ക്കുന്നവൻ വിതയ്ക്കുവാനായി പുറപ്പെട്ടു.

മത്താ. 13:18 അതുകൊണ്ട് വിതച്ചവന്റെ ഉപമ നിങ്ങൾ കേൾക്കുവിൻ.

മത്താ. 13:19 ആരെങ്കിലും രാജ്യത്തിന്റെ വചനം കേൾക്കുകയും മനസ്സിലാക്കാതെയും ഇരിക്കുമ്പോൾ, ദുഷ്ടൻ വന്ന് അവന്റെ ഹൃദയത്തിൽ വിതച്ചത് തട്ടിയെടുത്തു കൊണ്ടു പോകുന്നു. ഇതാകുന്നു വഴിയരികെ വിതയ്ക്കപ്പെട്ടത്.

മത്താ. 13:20 പാറകളിന്മേൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേട്ടിട്ട് ഉടനെ സന്തോഷത്തോടുകൂടി അതിനെ കൈക്കൊള്ളുന്നവൻ ആകുന്നു.

മത്താ. 13:21 എങ്കിലും അവനു തന്നിൽത്തന്നെ വേരില്ല, ക്ഷണനേരം മാത്രം നിൽക്കുന്നു, വചനം നിമിത്തം ക്ലേശമോ ഉപദ്രവമോ ഉണ്ടാകുമ്പോൾ, ഉടനെ അവൻ ഇടറിപ്പോകുന്നു.

മത്താ. 13:22 മുള്ളുകളിൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേൾക്കുന്നവൻ ആകുന്നു, യുഗത്തിന്റെ വ്യാകുലതയും ധനത്തിന്റെ വഞ്ചനയും വചനത്തെ നിശ്ശേഷം ഞെരുക്കിക്കളഞ്ഞ്, അതു നിഷ്ഫലമായിത്തീരുന്നു.

മത്താ. 13:23 എന്നാൽ നല്ല നിലത്തു വിതയ്ക്കപ്പെട്ടതോ, ഇത് വചനത്തെ കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നവൻ ആകുന്നു, അവൻ എല്ലാ വിധത്തിലും ഫലം കായ്ച്ച്, ഒന്ന് നൂറു മടങ്ങായും, ഒന്ന് അറുപതു മടങ്ങായും, ഒന്ന് മുപ്പതു മടങ്ങായും ഫലം പുറപ്പെടുവിക്കുന്നു.

A. മനുഷ്യരിലേക്ക് ജീവന്റെ വിത്തായി തന്നെത്തന്നെ വിതയ്ക്കുന്നവനായ ക്രിസ്തുവിന്റെ ദർശനം നാം കാണേണ്ടതാവശ്യമാണ്; ഈ ദർശനം കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ ഹൃദയംതന്നെയാണ്, കാരണം ഇത് കർത്താവിന്റെ ഹൃദയാഗ്രഹവുമായി ബന്ധപ്പെട്ടിരിക്കുന്നു.

B. അവനെത്തന്നെ നമ്മുടെ മൂലകമാക്കുന്നതിനും നമ്മെ അവന്റെ ആവിഷ്കാരമാക്കുന്നതിനും വേണ്ടി, ഇഴുകിച്ചേരലിന്റെ മാർഗത്തിൽ നമ്മുടെ ജീവനാകുവാൻ അവന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ നമ്മിലേക്ക് വരുവാൻ അവൻ ആഗ്രഹിക്കുന്നു.

C. ദൈവത്തിന്റെ ജീവനാൽ ക്രിസ്തുവിൽ വീണ്ടുംജനിപ്പിക്കപ്പെട്ട വിശ്വാസികൾ, ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടി വിലയേറിയ വസ്തുക്കൾ ഉളവാക്കുന്നതിനായി ക്രിസ്തുവിനെ നട്ടുവളർത്തുവാനുള്ള ദൈവത്തിന്റെ കൃഷിയിടം, ദൈവത്തിന്റെ പുതിയ സൃഷ്ടിയിലെ ഒരു വിളനിലമാണ്—1 കൊരി. 3:9, 12.

1 കൊരി. 3:9 ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിന്റെ കൃഷിയിടം, ദൈവത്തിന്റെ കെട്ടിടം.

1 കൊരി. 3:12 എന്നാൽ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ,... എന്നിവകൊണ്ട് പണിയുന്നു എങ്കിൽ,,

D. വേദപുസ്തകമനുസരിച്ച്, വളർച്ച കെട്ടിടത്തിന് തുല്യമാണ്; നമ്മുടെ ഉള്ളിലുള്ള ദിവ്യജീവന്റെ വിത്തിന്റെ വളർച്ചയാൽ ഇത് സംഭവിക്കുന്നു—1 യോഹ. 3:9; കൊലൊ. 2:19; എഫെ. 4:15-16.

1 യോഹ. 3:9 ദൈവത്തിൽനിന്ന് ജനിച്ചവൻ ആരും, അവന്റെ വിത്ത് അവനിൽ വസിക്കുന്നതുകൊണ്ട്, പാപം അഭ്യസിക്കുന്നില്ല; അവൻ ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നതുകൊണ്ട് പാപം ചെയ്യുവാൻ കഴിയുന്നതുമില്ല.

കൊലൊ. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

എഫെ. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

E. തന്നെത്തന്നെ മൂലകമായും, നമ്മിൽനിന്നുള്ള ചിലതിനെ സാമഗ്രിയായും ഉപയോഗിച്ചുകൊണ്ട് ഒരു കെട്ടുപണിയുടെ വേല ചെയ്യുവാൻ ത്രിയേക ദൈവം നമ്മിലേക്ക് വന്നിരിക്കുന്നുവെന്ന് എഫെസ്യർ 3:17 വെളിപ്പെടുത്തുന്നു; മത്തായി 13-ലെ വിതയ്ക്കുന്നവന്റെ ഉപമയാൽ ഇത് ചിത്രീകരിക്കപ്പെടുന്നു:

എഫെ. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

Matt 13 be omitted.

1. മനുഷ്യരുടെ ഹൃദയങ്ങളിൽ അവൻ വളരുകയും ജീവിക്കുകയും, അവരുടെ ഉള്ളിൽനിന്നും ആവിഷ്കരിക്കപ്പെടുകയും ചെയ്യേണ്ടതിന് മണ്ണായ അവരുടെ ഹൃദയങ്ങളിലേക്ക് ജീവന്റെ വിത്തായി കർത്താവ് അവനെത്തന്നെ വിതയ്ക്കുന്നു—വാ. 3.

   മത്താ. 13:3 അവൻ അവരോട് അനേകം കാര്യങ്ങൾ ഉപമകളിൽ സംസാരിച്ചു പറഞ്ഞത്, ഇതാ, വിതയ്ക്കുന്നവൻ വിതയ്ക്കുവാനായി പുറപ്പെട്ടു.

2. മണ്ണിന്റെ പോഷകങ്ങളോടുകൂടെ വളരുവാൻ വിത്ത് മണ്ണിലേക്ക് വിതയ്ക്കപ്പെടുന്നു; തൽഫലമായി, വിളവ് വിത്തിൽനിന്നും മണ്ണിൽനിന്നുമുള്ള മൂലകങ്ങളുടെ ഒരു സംരചനയാണ്—വാ. 23.

   മത്താ. 13:23 എന്നാൽ നല്ല നിലത്തു വിതയ്ക്കപ്പെട്ടതോ, ഇത് വചനത്തെ കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നവൻ ആകുന്നു, അവൻ എല്ലാ വിധത്തിലും ഫലം കായ്ച്ച്, ഒന്ന് നൂറു മടങ്ങായും, ഒന്ന് അറുപതു മടങ്ങായും, ഒന്ന് മുപ്പതു മടങ്ങായും ഫലം പുറപ്പെടുവിക്കുന്നു.

3. നമ്മിലേക്ക് വന്ന് നമ്മിൽ വളരാൻ വേണ്ടിയുള്ള ഒരുക്കമെന്ന നിലയിൽ ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ചില പോഷകങ്ങൾ നമ്മുടെ ഉള്ളിലുണ്ട്; ദിവ്യ വിത്തിനുവേണ്ടിയുള്ള മണ്ണായ മനുഷ്യ ഹൃദയത്തോടൊപ്പം മനുഷ്യ പോഷകങ്ങളോടുകൂടെ ദൈവം മനുഷ്യാത്മാവിനെ സൃഷ്ടിച്ചിരിക്കുന്നു—1 പത്രൊ. 3:4.

1 പത്രൊ. 3:4 സൗമ്യവും ശാന്തവുമായ ആത്മാവെന്ന അക്ഷയമായ അലങ്കാരത്തിൽ ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യൻ ആയിരിക്കട്ടെ, അത് ദൈവദൃഷ്ടിയിൽ വിലയേറിയതാകുന്നു.

4. നാം ജീവനിൽ വളരുന്ന അളവ് ദിവ്യ വിത്തിനെയല്ല, മറിച്ച് ഈ വിത്തിന് നാം എത്രത്തോളം പോഷകങ്ങൾ നൽകുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു; നാം എത്രയധികം പോഷകങ്ങൾ നൽകുന്നുവോ, അത്രയും വേഗത്തിൽ വിത്ത് വളരുകയും അത്രയധികം അത് തഴയ്ക്കുകയും ചെയ്യും—മത്താ. 5:3, 8.

മത്താ. 5:3 ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു.

മത്താ. 5:8 ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ, അവർ ദൈവത്തെ കാണും.

5. നാം നമ്മുടെ ദേഹിയിൽ, നമ്മുടെ സ്വാഭാവിക മനുഷ്യനിൽ, തുടരുന്നുവെങ്കിൽ, ദിവ്യ വിത്തിന്റെ വളർച്ചയ്ക്കുവേണ്ടി പോഷകങ്ങളൊന്നും ഉണ്ടായിരിക്കുകയില്ല; എന്നാൽ നമ്മുടെ അകത്തെ മനുഷ്യനിലേക്ക് നാം ബലപ്പെടുകയും നമ്മുടെ ആത്മാവിന് ശ്രദ്ധ നൽകിക്കൊണ്ട് നമ്മുടെ ആത്മാവിനെ പ്രയോഗിക്കുകയും ചെയ്യുന്നുവെങ്കിൽ, പോഷകങ്ങൾ നൽകപ്പെടുകയും ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ അവന്റെ ഭവനം പണിയുകയും ചെയ്യും—എഫെ. 3:16-17; റോമ. 8:6; 1 തിമൊ. 4:7; പ്ര.നി. യൂദാ 19.

എഫെ. 3:16 അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും,

എഫെ. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

1 തിമൊ. 4:7 എന്നാൽ അശുദ്ധമായ കിഴവിക്കഥകളെ നിരസിച്ച്, നിന്നെത്തന്നെ ദൈവികതയിങ്കലേക്ക് അഭ്യസിപ്പിക്കുക.

യൂദാ. 1:19 ഇവർ ഭിന്നത ഉണ്ടാക്കുന്നവർ, പ്രാകൃതർ, ആത്മാവില്ലാത്തവർ.

6. നമ്മുടെ പൂർണ്ണ ആസ്വാദനമായിരിക്കുവാൻ നമ്മുടെ ഉള്ളിൽ വളരുന്ന ജീവവിത്തായി കർത്താവ് നമുക്കുണ്ടായിരിക്കണമെങ്കിൽ, നാം പൂർണ്ണമായി കർത്താവിന് തുറക്കുകയും നമ്മുടെ ഹൃദയത്തോട് സമഗ്രമായി ഇടപെടുവാൻ അവനുമായി സഹകരിക്കുകയും വേണം—മത്താ. 13:3-9, 18-23.

മത്താ. 13:3 അവൻ അവരോട് അനേകം കാര്യങ്ങൾ ഉപമകളിൽ സംസാരിച്ചു

പറഞ്ഞത്, ഇതാ, വിതയ്ക്കുന്നവൻ വിതയ്ക്കുവാനായി പുറപ്പെട്ടു.

മത്താ. 13:4 അവൻ വിതയ്ക്കുമ്പോൾ ചില വിത്തുകൾ വഴിയരികെ വീണു, പറവകൾ വന്ന് അവയെ വിഴുങ്ങിക്കളഞ്ഞു.

മത്താ. 13:5 വേറെ ചിലത് അധികം മണ്ണില്ലാത്ത പാറസ്ഥലങ്ങളിന്മേൽ വീണു, മണ്ണിനു താഴ്ച്ചയില്ലാത്തതിനാൽ അവ പെട്ടെന്നു മുളച്ചുവന്നു.

മത്താ. 13:6 എന്നാൽ സൂര്യൻ ഉദിച്ചപ്പോൾ അവയ്ക്കു ചൂടേറ്റു; വേരില്ലാത്തതിനാൽ വാടിപ്പോയി.

മത്താ. 13:7 വേറെ ചിലത് മുള്ളുകളിന്മേൽ വീണു, മുള്ളുകൾ പൊങ്ങിവന്ന് അവയെ ഞെരുക്കിക്കളഞ്ഞു.

മത്താ. 13:8 എന്നാൽ വേറെ ചിലത് നല്ല നിലത്തു വീണു ഫലം കായ്ച്ചു, ഒന്ന് നൂറുമടങ്ങ്, ഒന്ന് അറുപതുമടങ്ങ്, ഒന്ന് മുപ്പതുമടങ്ങ്.

മത്താ. 13:9 കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

മത്താ. 13:18 അതുകൊണ്ട് വിതച്ചവന്റെ ഉപമ നിങ്ങൾ കേൾക്കുവിൻ.

മത്താ. 13:19 ആരെങ്കിലും രാജ്യത്തിന്റെ വചനം കേൾക്കുകയും മനസ്സിലാക്കാതെയും ഇരിക്കുമ്പോൾ, ദുഷ്ടൻ വന്ന് അവന്റെ ഹൃദയത്തിൽ വിതച്ചത് തട്ടിയെടുത്തു കൊണ്ടു പോകുന്നു. ഇതാകുന്നു വഴിയരികെ വിതയ്ക്കപ്പെട്ടത്.

മത്താ. 13:20 പാറകളിന്മേൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേട്ടിട്ട് ഉടനെ സന്തോഷത്തോടുകൂടി അതിനെ കൈക്കൊള്ളുന്നവൻ ആകുന്നു.

മത്താ. 13:21 എങ്കിലും അവനു തന്നിൽത്തന്നെ വേരില്ല, ക്ഷണനേരം മാത്രം നിൽക്കുന്നു, വചനം നിമിത്തം ക്ലേശമോ ഉപദ്രവമോ ഉണ്ടാകുമ്പോൾ, ഉടനെ അവൻ ഇടറിപ്പോകുന്നു.

മത്താ. 13:22 മുള്ളുകളിൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേൾക്കുന്നവൻ ആകുന്നു, യുഗത്തിന്റെ വ്യാകുലതയും ധനത്തിന്റെ വഞ്ചനയും വചനത്തെ നിശ്ശേഷം ഞെരുക്കിക്കളഞ്ഞ്, അതു നിഷ്ഫലമായിത്തീരുന്നു.

മത്താ. 13:23 എന്നാൽ നല്ല നിലത്തു വിതയ്ക്കപ്പെട്ടതോ, ഇത് വചനത്തെ കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നവൻ ആകുന്നു, അവൻ എല്ലാ വിധത്തിലും ഫലം കായ്ച്ച്, ഒന്ന് നൂറു മടങ്ങായും, ഒന്ന് അറുപതു മടങ്ങായും, ഒന്ന് മുപ്പതു മടങ്ങായും ഫലം പുറപ്പെടുവിക്കുന്നു.

7. ഒരു വശത്ത്, മൂലകമായ അവനെക്കൊണ്ടുതന്നെ ദൈവം നമ്മെ ബലപ്പെടുത്തുകയും, മറുവശത്ത്, നാം പോഷകങ്ങൾ നൽകുകയും ചെയ്യുന്നു; ഇവ രണ്ടിലൂടെ, ക്രിസ്തുവിൽ ദൈവം നമ്മുടെ മുഴുവൻ ആളത്തത്തിൽ അവന്റെ അന്തഃസ്ഥിതമായ കെട്ടിടം—അവന്റെ ഭവനത്തിന്റെ കെട്ടുപണി—നിർവഹിക്കുന്നു.